# ST MARY'S LPS

# PUTHUMANASSERY...

## ACADEMIC MASTER PLAN.

## 2025 - 2026

# School Profile

Name of school : St. Mary's L.P.S Puthumananery
Address : St. Mary's L.P.S Puthumananery
P.O. Pavaratty PIN: 680507
Email ID : stmarys lps123@gmail.com
Name of BRC : Mullanery
Name of CRC : St. Joseph H.S.S, Pavaratty.
Number of teachers : 4
Name of panchayat : Pavaratty
Name of district : Thrissur
Name of Subdistrict : Mullanery
Name of HM : Jaisy George
Ph. NO : 9495972274

# ആമുഖം.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി എല്ലാ കുട്ടികളെയും അറിവിന്റെ നിറകുടങ്ങളാക്കി. മാറ്റി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പാവറട്ടി ഗ്രാമപഞ്ചായത്തിലെ സെന്റ് ജോസഫ്. എൽ.പി. സ്കൂൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## ചരിത്രം

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് പ്രവർത്തിക്കുന്ന സെന്റ്. ജോസഫ്. എൽ.പി. സ്കൂളിന് പ്രത്യേകതകൾ ഏറെയുണ്ട്. 1925 ൽ മറ്റം സെന്ററിൽ നിന്നും അനുവദിച്ച് കിട്ടിയതാണ് ഈ വിദ്യാലയം. വെട്ടിക്കൽ തറവാട്ടുകാരുടെ ഉടമസ്ഥതയിലായിരുന്ന ഈ വിദ്യാലയം, വെട്ടിക്കൽ സ്കൂൾ എന്നും അറിയപ്പെടുന്നു. 3/11/1935 ൽ ഈ വിദ്യാലയം പാവറട്ടി തീർത്ഥകേന്ദ്രത്തിന് കൈമാറി. ഈ സ്കൂളിൽ ഇന്ന് എല്ലാവിധ സൗകര്യങ്ങളും ഉണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിൽ നിന്നും

സ്വകാര്യസ്കൂളുകളിലേക്ക് കുട്ടികളെ ചേർക്കുന്ന ഈ രക്ഷിതാക്കൾക്കുണ്ടായ അമിതഭ്രമം ഈ വിദ്യാലയത്തിനോടും വൈമുഖ്യത്തിനാൽ വിദ്യാലയം ശോചനീയാവസ്ഥയിൽ ആയെങ്കിലും ഇന്ന് അതിൽനിന്നു ഉണർവിന്റെ പടികൾ ചവിട്ടിത്തുടങ്ങിയിരിക്കുന്നു. എങ്ങനെ സമഗ്രഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്താം എന്ന് അധ്യാപകരും വിദ്യാലയ അഭ്യുദയ കാംക്ഷികളും രക്ഷിതാക്കളും കൂടി ആലോചിച്ചു. ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത് അവരെ ഉയർന്ന ചിന്തകളുള്ളവരാക്കാൻ പ്രയത്നിക്കാം എന്ന് കൂട്ടായ തീരുമാനമെടുത്തു

## ആസൂത്രണം

- സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളുടെയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക.
- വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുക കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കുന്നതിനു ഈ ഘടകങ്ങൾ കണ്ടെത്തി വിദ്യാലയത്തിൽ പ്രാവർത്തികമാക്കുക. വിദ്യാലയത്തെ സാമൂഹ്യസ്ഥാപനമായി മാറുക
- കുട്ടികളിൽ ഉണ്ടായിരുന്ന പഠനവിടവുകൾ നികത്താനാവശ്യമായ പ്രവർത്തനങ്ങൾ നൽകുക

SRG കൺവീനർ സഹ അധ്യാപകർ, HM നോട്
ചേർന്ന് കാര്യങ്ങൾ തയ്യാറാക്കി അവ ഉദ്ദേശിക്കു
ന്ന സ്ഥാപന പ്രതിനിധികൾ, PTA, പൂർവ്വ
വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവർക്കു മുമ്പിൽ
അവതരിപ്പിക്കുക

## പൊതു ലക്ഷ്യങ്ങൾ

വിദ്യാലയത്തിൽ HMനെ കൂടാതെ
3 അധ്യാപകർ ഉണ്ട് (1 permanent, 2 daily wage)
സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി/
പരിമിതി എന്നത് വിദ്യാലയത്തിലെ വിദ്യാർത്ഥി
കളുടെ കുറവാണ്. അടുത്തടുത്ത് ഒട്ടേറെ വിദ്യാലയ
ങ്ങൾ തുടങ്ങിയത് ഒരു കാരണമാണ്. എന്നാൽ കുട്ടി
കളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ
കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ
നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും. ഓരോ
ക്ലാസിലും നേടേണ്ട പഠനശേഷികൾ കൈവരിച്ചു
എന്ന് ഉറപ്പ് വരുത്തും.

- ഓരോ പാഠവും രസകരമായി അറിയിക്കും.
- ആരോഗ്യശീല അവബോധം വളർത്തും
- പ്രകൃതിയോട് ആഭിമുഖ്യം വളർത്തും. ഇത്തരം
  പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിക
  ളാക്കും.

• മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും പരിശീലനം.

• ചതുഷ്ക്രിയകൾ പ്രായോഗിക സന്ദർഭത്തിലൂടെ പ്രയോഗിക്കാൻ അവസരം.

• ICT പഠനത്തിലൂടെ പഠനം രസകരവും ലളിതവും ആക്കുക.

• സ്വയം പരിശീലനത്തിലൂടെ കുട്ടികളെ ഉത്സാഹഭരിതരാക്കുക

• കുട്ടികളിൽ ഉണ്ടായിട്ടുള്ള പഠനവിടവുകൾ നികത്തുക

## അക്കാദമിക പ്രവർത്തനങ്ങൾ

മേഖല: അക്കാദമികം    ഉപമേഖല: ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

• എല്ലാ കുട്ടികൾക്കും ഭാഷ അർത്ഥപൂർണ്ണമായി വായിക്കാനും എഴുതുവാനും ആശയവിനിമയം നടത്തുവാനും ഉള്ള ശേഷി വർദ്ധിപ്പിക്കുക.

• സർഗ്ഗാത്മക രചനകൾ Port folio യിൽ ശേഖരിക്കുക

• ഭാഷാശേഷിവികസനത്തിന് ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക

പ്രവർത്തനങ്ങൾ

പ്രാരംഭകാലം.

• വായനാപക്ഷാചരണം : വായന വാരാചരണത്തോട നുബന്ധിച്ച് എന്നും ഗ്രൂപ്പ് വായന, Individual വായന

മത്സരം, സമ്മാനദാനം.

- പത്രവായന കുറിപ്പ് തയ്യാറാക്കൽ
- ലൈബ്രറി പുസ്തക വായന/റീഡിംഗ് കാർഡ് വായന, ചിത്രം വരച്ച് എഴുതൽ
- ക്വിസ് മത്സരങ്ങൾ - ഒരു ഭാഗം വായിച്ച് ചോദ്യനിർമ്മാണം, ഉത്തരം കണ്ടെത്തൽ

## തനത് പ്രവർത്തനം

ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികളിൽ അക്ഷരബോധം ഉണ്ടാക്കാനും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും കഴിയുന്ന വിധത്തിൽ കുട്ടികളെ പ്രാപ്തരാക്കാൻ വേണ്ടി ഓരോ ദിവസവും അക്ഷരം ഉണ്ടാക്കാനുള്ള പ്രത്യേക പരിശീലനം കുട്ടികൾക്ക് നൽകൽ

## സർഗ്ഗാത്മക രചനകൾ / port folio

കഥ, കവിത, ചിത്രരചന, സംഭാഷണം എന്നിവ പാഠഭാഗങ്ങളോടും വായിച്ച കഥകളോടും ബന്ധപ്പെട്ട് സൃഷ്ടികൾ, ശേഖരണം എന്നിവ ഉൾപ്പെടുത്തി ഓരോ വിദ്യാർത്ഥിക്കും port folio.

ICT

ഭാഷാകേളികൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ, "ശാസ്ത്ര സഹായി app" എന്നിവയിലൂടെ കുട്ടികളിലെല്ലാം വിവരങ്ങൾ നൽകുക

സൂംബ പരിശീലനം

കുട്ടികളിൽ ഏകാഗ്രത ഉണ്ടാക്കുന്നതിനും അവർക്ക് മാനസികോല്ലാസം നൽകുന്നതിനും. കുട്ടികളിൽ അമിതമായി ഉണ്ടാകുന്ന എനർജി waste ചെയ്യുന്നതിനും. ഏകാഗ്രത വർദ്ധിപ്പിക്കുന്നതിനും സൂംബ പരിശീലനം നൽകൽ

ദിനാചരണങ്ങൾ (നോട്ടീസ്, അറിയിപ്പ്)

ദിനാചരണങ്ങളോട് അനുബന്ധിച്ച് കുട്ടികൾക്ക് വിവിധങ്ങളായ പ്രവർത്തനങ്ങൾ നൽകുക സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുക. നോട്ടീസ്, അറിയിപ്പ് തയ്യാറാക്കി നൽകുക.

സർവേ

ലഹരി വിരുദ്ധ ദിനം, വിവിധ തൊഴിലുകൾ എന്നീ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് സർവേ നടത്തുക. ചർച്ച ചെയ്ത് നിഗമനത്തിലെത്തുക.

## English

### ഉദ്ദേശ്യങ്ങൾ

- വായിക്കുന്നതിനുള്ള ശേഷി നേടുക.
- കൊച്ചു ഭാഷാശേഷികൾ നേടുന്നതിലൂടെ ആശയവിനിമയം നടത്താൻ പ്രാപ്തരാവുക
- സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക
- കൊച്ചു കൊച്ചു കവിതകൾ പാടുക അവതരിപ്പിക്കുക.

### പ്രവർത്തനങ്ങൾ

വായനാ കാർഡ്, picture stories എന്നിവ വായിച്ച് കേൾക്കുക, വായിക്കുക. ശേഷം കഥാപാത്രങ്ങളെ വച്ച് - പ്രധാന കാര്യങ്ങൾ എഴുതുക. ഓരോ അക്ഷരങ്ങളുടെയും ഉച്ചാരണം അനുസരിച്ച് വായിക്കുക. Phonetics പഠനം വഴി വായന സുഖകരമാക്കുക

- പാഠസന്ദർഭങ്ങൾ, ദിനാചരണങ്ങൾ എന്നിവയോടനുബന്ധിച്ച് ചെറിയ English skits കൾ പഠിച്ച് അവതരിപ്പിക്കുക.

### സർഗ്ഗാത്മക രചന

വായിച്ച കഥകൾ, അവതരിപ്പിച്ച skit കൾ എന്നിവയുമായി ബന്ധപ്പെട്ട പദങ്ങളെല്ലാം rhyming words ഉം എഴുതൽ. ചെറിയ ആശയം

വസ്തുവുമായി ബന്ധപ്പെട്ട കവിതകൾ എഴുതൽ, കവിതയാക്കൽ, കഥയാക്കൽ, ചിത്രം വരക്കൽ, നിറം നൽകൽ

## ഗണിതം

- ഗണിതപാറ്റേണുകൾ നിർമ്മിക്കുക. പ്രദർശിപ്പിക്കുക.
- സംഘപ്രവർത്തനങ്ങളിലൂടെ ഗണിതകളികളിൽ ഏർപ്പെടുക.
- ചതുഷ്ക്രിയകൾ പരിശീലിക്കുന്നതിന് പ്രായോഗിക സന്ദർഭങ്ങൾ സൃഷ്ടിക്കുക.
- വിവിധ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ, വിഷയാധിഷ്ഠിതമായും ഗണിതം കുട്ടികൾക്ക് ഗണിതത്തെ പൂർണ്ണമായി അനുഭവിപ്പിക്കുക.
- പഴയകാല അളവുകൾ, നാണയങ്ങൾ, ഉപകരണങ്ങൾ പ്രദർശനം
- അനുദിന കലണ്ടർ, ഗണിതപൂരക പത്രിക തയ്യാറാക്കൽ

## പരിസരപഠനം

പ്രകൃതി സംരക്ഷണബോധം വളർത്തുക, പുനരുപയോഗശേഷി അറിയുക, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം പാലിക്കുക.

- നിരീക്ഷണം, പരീക്ഷണം എന്നിവയിലൂടെ പ്രകൃതിയെ കൂടുതൽ അറിയുക.

· വിദ്യാലയകൃഷിയിൽ സജീവപങ്കാളിത്തം
· പ്രാദേശികമായി ബന്ധപ്പെട്ട സർവ്വേ, ചർച്ച, ക്വിസ് എന്നിവയിൽ പങ്കെടുക്കൽ
· പട്ടികപ്പെടുത്തൽ, നിഗമന രൂപീകരണം, എന്നിവ വിവിധ പ്രവർത്തനങ്ങളിലൂടെ നേടുക.
· ജൈവവൈവിധ്യപാർക്ക് ഔഷധതോട്ടം നിർമ്മാണം, ആൽബം നിർമ്മിക്കൽ എന്നിവ.

## യോഗ പരിശീലനം

കുട്ടികളുടെ മനസ്സിനെ ഏകാഗ്രമാക്കുന്നതിനായി വിവിധ യോഗമുറകൾ അഭ്യസിക്കൽ. ഇതിലൂടെ കുട്ടികൾക്ക് നല്ല ആരോഗ്യവും ഏകാഗ്രതയും ലഭിക്കും. പഠനം കൂടുതൽ രസകരവും താൽപ്പര്യമുള്ളതുമാക്കാൻ കഴിയും. അതിന് വേണ്ടി ആഴ്ചയിലൊരിക്കൽ യോഗ പരിശീലനം നൽകുന്നു.

## ഭൗതിക സൗകര്യവികസന ആസൂത്രണ രേഖ.

## സ്മാർട്ട് ക്ലാസ്റൂം

ദിവസത്തിൽ 1 മണിക്കൂർ വീതം വിഷയാധിഷ്ഠിത ഭാഗങ്ങൾ സ്മാർട്ട്ക്ലാസിലൂടെ കാണാനും അറിയാനും അവസരം.

## അടുക്കള

അടുക്കളയിലെ പാത്രങ്ങളും ഭക്ഷണ സാധനങ്ങളും പച്ചക്കറികളും വൃത്തിയായി സൂക്ഷിക്കുക. cook ന് apron, cap, glouse എന്നിവ ഉറപ്പാക്കുക.

## പൂന്തോട്ടം

പൂന്തോട്ടം. പൂർണ്ണമായികം ഭംഗിയാക്കാൻ കൂടുതൽ ചെടികൾ വെച്ചു പിടിപ്പിക്കുക; പരിപാലിക്കുക

## അടുക്കളത്തോട്ടം

അടുക്കളത്തോട്ടം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ധാരാളം പച്ചക്കറിവിത്തുകൾ വിതയ്ക്കാനും വളം നൽകി നല്ലത് പോലെ പരിപാലിക്കാനും തീരുമാനിച്ചു.

## ജൈവവൈവിധ്യപാർക്ക്

ജൈവവൈവിധ്യ ഉദ്യാനം ചെടികൾ വെച്ചു പിടിപ്പിച്ചും മീൻ വളർത്തലിലൂടെയും വിപുലമാക്കുക.

## സമൂഹ സന്ധ്യ അനുസ്മരണ വേദി

### Hello English

പാട്ടുകളിലൂടെയും കഥകളിലൂടെയും ചിത്രം വരയിലൂടെയും Hello English പാഠഭാഗവുമായി സമന്വയിപ്പിച്ച് English ഭാഷാശേഷി വളർത്തുക, അവതരിപ്പിക്കുക.

### മലയാളത്തിളക്കം (മധുരം മലയാളം)

സർഗ്ഗാത്മക കൃതികളിലൂടെ അക്ഷരങ്ങളെ ഒഴുക്കോടെ വായിക്കാൻ ശ്രുതിവായന, കൂട്ടവായന, അസംബ്ലി വായന, അമ്മവായന തുടങ്ങിയവ നടപ്പിലാക്കുക. പത്രവായനയിൽ നിന്നും പ്രധാന വാർത്ത ശേഖരണം, അവതരണം.

### ഉല്ലാസ ഗണിതം, ഗണിതവിജയം

കളികളിലൂടെ, നിർമ്മാണത്തിലൂടെ, പ്രവർത്തനങ്ങളിലൂടെ ഗണിത ശേഷികൾ ആർജ്ജിക്കുക. അവതരിപ്പിക്കുക (പ്രദർശനം)

# ദിനാചരണം

വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ എല്ലാ കുട്ടികളേയും ഉൾക്കൊള്ളിച്ച് കൊണ്ട് വാർഡ്മെമ്പർ, PTA, രക്ഷിതാക്കൾ എന്നിവരുടെ സാന്നിദ്ധ്യത്തോടെയും സഹകരണത്തോടെയും വിപുലമായി ആഘോഷിക്കുക

# ACADEMIC MASTER PLAN STD:I

മേഖല: അക്കാദമികം

ഉപമേഖല: ഭാഷ

ക്ലാസ് : 1.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാകളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | 2) <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു | ജൂലൈ, ഡിസംബർ, ജനുവരി മാസങ്ങളിൽ | ക്ലാസ് ടീച്ചർ, SRG M.P.T.A | M.P.T.A |

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ്

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം. | മാസത്തിൽ ഒന്ന് | SRG<br>class teacher | SSA. |

മേഖല: അക്കാദമികം.

ഉപമേഖല: ഗണിതം.

ക്ലാസ് : 1.

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം - ഏകദിന ക്ലാസ്<br>3) ഗണിത ക്ലാസ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ. | ജൂൺ - മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | SSA. |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ് : 1.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ആഹാര പദാർത്ഥങ്ങളും, ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള- പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ, ജൂലൈ, ആഗസ്റ്റ്. | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പൂന്തോട്ടനിർമ്മാണം, ഔഷധത്തോട്ടം, ചിത്രശലഭങ്ങൾ | ഡിസംബർ ജനുവരി | SRG SMC | |

# ACADEMIC MASTER PLAN

# 2025-2026

## STD II

STD: II

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്കു നയിക്കുന്ന രചനാ ക്യാമ്പുകൾ. 2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ നവംബർ ഡിസംബർ | SRG SMC ക്ലബുകൾ മദർ പി.ടി.എ സ്റ്റാഫ്. | മദർ പി.ടി.എ SRG |
| സർഗാത്മകതയെ തട്ടിയുണർത്താം. | 1) രചനാശില്പശാല, കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC അദ്ധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തികൾ. | SRG SMC |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ. | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>class Teacher<br>SMC | SSA |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ. | ഒരു ദിനം ഒരു ചോദ്യം. (കുസൃതി കണക്കുകളും ഗണിതപസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

ക്ലാസ്സ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസ്സുകൾ പോസ്റ്റർ രചനാമത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാകാഴ്ചകൾ - ഇല | സെപ്റ്റംബർ, ഡിസംബർ | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ- നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം. | ജനുവരി | SRG SMC നാട്ടുകാർ | |

# ACADEMIC MASTER PLAN STD-3

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| വായന - അറിവും ഉല്ലാസവും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകൻ | SMC |
| | വാർത്താ വായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | അധ്യാപകൻ | SMC |
| | വായനാഗ്രൂപ്പുകൾ | 3 മാസത്തിൽ ഒന്ന് | ക്ലബ്ബുകൾ | ക്ലബ്ബ് SMC |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ-മാർച്ച് | വായനാക്ലബ്ബ് | വായനശാല SMC |

മേഖല → അക്കാദമികം
ഉപമേഖല → ഭാഷ
ക്ലാസ് → III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | * കവികളെക്കുറിച്ചുള്ള ശേഖരങ്ങൾ പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | * പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | SMC |
| | * ചിത്ര ഗാലറി | ജനുവരി | മദർ പി.ടി.എ ക്ലാസുകൾ | |
| വായനാ പരിപോഷണം | * പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം. | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | * വായനക്കളരി | നവംബറിലാണ് | | |
| | * നാട്ടുവായന- പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | കുട്ടികൾ സാഹിത്യ ക്ലബ്ബ് | വായനശാല. |

മേഖല → അക്കാദമികം

ഉപമേഖല → പരിസരപഠനം

ക്ലാസ് → III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം എന്ന പരീക്ഷണങ്ങൾ കണ്ടെത്താനും അറിവു നേടാനും | ജൂൺ ജൂലൈ ആഗസ്റ്റ് | SRG | SMC |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക് തയാറ, മഴക്കുഴി നിർമ്മാണം ജലസംരക്ഷണ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | SMC | SMC |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | അധ്യാപകർ MPTA CPTA | MPTA CPTA |

മേഖല → അക്കാദമികം

ഉപമേഖല → ഗണിതം

ക്ലാസ് — III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി പേപ്പർ പോലെ രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളിലൂടെ അനുഭൂതനവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG ക്ലാസ് ടീച്ചർ | SSA staff Smc |

# ACADEMIC MASTER PLAN

# STD IV

മേഖല : അക്കാദമികം

ഉപമേഖല: പരിസരപഠനം

ക്ലാസ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം- നിരീക്ഷണം- അറിവ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമേള:- ശാസ്ത്രപഠനം ഉദ്ദീപകം രസകരമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA |
| ശാസ്ത്രയാത്ര:- ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേഖലകൾ പ്രദർശനങ്ങൾ ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| ഭൂപടനിർമ്മാണം കേരളം- ഇന്ത്യ- ഭൂപടവായന- സൂചിക- പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമാണം കിറ്റ് ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രവിസ്മയ ചുവർ:- ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം :- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക :- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

മേഖല : അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ്

ക്ലാസ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി :- ഇംഗ്ലീഷ് ഭാഷ ഭേദമായി വായിക്കാനും സംസാരിക്കാനും ഉച്ചത്തിൽ വായിക്കാനുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ച്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ധ്വനി:- തെറ്റില്ലാതെ ഇംഗ്ലീഷ് ഉച്ചരിക്കാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ധ്വനി ചിത്രപ്പായി എഴുതൽ. | ആഴ്ച്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ:- സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ:- സർഗ്ഗാത്മക രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM ക്ലാസ് ടീച്ചർ SMC | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത്:- ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ വിരുത് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സചിത്രങ്ങ ളുമായി കൈത്തിരപ്പാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ :- വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>വായനാവേദി ഒരുക്കൽ<br>വായനാ കുറിപ്പ്- പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് :- ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കാൻ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കാൻ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധി കാലം | | |

മേഖല : അക്കാദമികം
ഉപമേഖല: മലയാളം
ക്ലാസ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മധുരം മലയാളം :- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA |
| വായിക്കാം വളരാം :- വായനാശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന. | വർഷം മുഴുവൻ | HM<br>SRG<br>PTA<br>ക്ലാസ് ടീച്ചർ | PTA |
| എഴുതാം രസിക്കാം :- എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതി മാസം | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ- ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം കേട്ടറിയാം :- നമ്മുടെ പോയ നാട്ടുനന്മകൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ PTA | |
| കണ്ടറിയാം കേട്ടറിയാം :- അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഓർക്കാം ആദരിക്കാം:- (സാഹിത്യകാരന്മാർ) സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ- ഡോക്യുമെന്ററി പ്രദർശനം- പുസ്തക പരിചയം - ക്വിസ് ചെറുപ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ CPTA | |
| ചലച്ചിത്രം:- പാഠഭാഗവുമായി ബന്ധപ്പെട്ട ചലച്ചിത്രം- നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് ചലച്ചിത്രാവതരണം. ചലച്ചിത്രവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചിത്രങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA ക്ലാസ് ടീച്ചർ | PTA |
| സർഗ്ഗോത്സവം:- സർഗാത്മകശേഷി അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം | വർഷത്തിലൊന്ന് | HM, SRG CPTA ക്ലാസ് ടീച്ചർ | PTA |

## ഗണിതം - Std-IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിക്കും ഗണിക്കാം :- ഗണിത പഠനം രസകരമാക്കൽ | വിവിധ തരം കളികൾ തെരഞ്ഞെടുക്കൽ - നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും ഡൈസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം :- ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് :- ഗണിത പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുവർ:- ഗണിതാശയങ്ങളുടെ പ്രായോഗികത തിരിച്ചറിയൽ | ഗണിതച്ചുവർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല :- പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിതമേള:- ഗണിതശേഷി കൂട്ടുക പ്രോത്സാഹനം | പ്രശ്നോത്തരി<br>പസിൽ<br>പാട്ടുകൾ<br>പഠന ഉൽപ്പന്നങ്ങളുടെ<br>പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |